**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3416** **26-10-2021 - ൽ മറുപടിയ്ക്ക്**

**മുണ്ടേരി സ്റ്റേറ്റ് സീഡ് ഫാമിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri. P. Prasad (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2019 ലെ പ്രളയത്തിൽ ചാലിയാർ പുഴ കരകവിഞ്ഞതിനെ തുടർന്ന് നിലമ്പൂർ മണ്ഡലത്തിലെ മുണ്ടേരി സ്റ്റേറ്റ് സീഡ് ഫാമിനുണ്ടായ നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; നാശനഷ്ടങ്ങളുടെ കണക്കുകൾ ഇനം തിരിച്ച് ലഭ്യമാക്കാമോ; | (എ) | ഉണ്ട്. 2019 -ലെ പ്രളയത്തിൽ ചാലിയാർ പുഴ കരകവിഞ്ഞതിനെ തുടർന്ന് നിലമ്പൂർ മണ്ഡലത്തിലെ മുണ്ടേരി വിത്തുകൃഷിത്തോട്ടത്തിൽ 518.201 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായി. ഇനം തിരിച്ചുള്ള കണക്ക് 1) വിളകൾ - 66.531 ലക്ഷം രൂപ 2) ആസ്തികൾ - 299.67 ലക്ഷം രൂപ 3) മണ്ണടിഞ്ഞ് കൂടിയ നഷ്ടം - 152 ലക്ഷം രൂപ |
| (ബി) | മുണ്ടേരി ഫാമിന്റെ വീണ്ടെടുപ്പിനും വികസനത്തിനുമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി അനുവദിച്ചിരുന്ന ആറ് കോടി രൂപയുടെ പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | മുണ്ടേരി ഫാമിന്റെ വീണ്ടെടുപ്പിനും വികസനത്തിനുമുള്ള പദ്ധതി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുവാനുള്ള അനുമതി ലഭ്യമായിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥയും നാളിതുവരെ നടത്തിയ നടപടികളും വ്യക്തമാക്കാമോ; പദ്ധതി നടപ്പാക്കാൻ വൈകുന്നതിന്റെ കാരണങ്ങൾ അറിയിക്കാമോ; | (സി) | നാശനഷ്ടം കണക്കാക്കി പദ്ധതി തയ്യാറാക്കാൻ കൃഷിവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തി. തുടർന്ന് 01/07/20 ന് ചേർന്ന യോഗ തീരുമാന പ്രകാരം വനം, ഇറിഗേഷൻ, റവന്യൂ സോയിൽ കൺസർവേഷൻ എന്നീ വകുപ്പുകളെയും കേരള ലാന്റ് ഡവലപ്പ്മെന്റ് കോർപ്പറേഷനേയും പങ്കെടുപ്പിച്ച് പദ്ധതി ഏകോപിപ്പിക്കാനുള്ള തീരുമാനം കൈകൊണ്ടു. നഷ്ടപ്പെട്ട റോഡുകൾക്ക് പകരം പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും, കേടായ പഴയ റോഡുകൾ റീടാർ ചെയ്യുന്നതിനും 150 ലക്ഷം രൂപ, പുഴയോര സംരക്ഷണത്തിനും പാരിസ്ഥിതിക പുനർ നിർമ്മാണത്തിനുമായി ഭൂവസ്ത്രം, ടാപ് ബാഗ് എന്നിവ സ്ഥാപിക്കുന്നതിനും 10 ലക്ഷം രൂപ, രാമച്ചം നടുന്നതിന് 5 ലക്ഷം രൂപ, ഇൻഫ്രാസ്ട്രക്ചർ വികസനത്തിനായി 40 ലക്ഷം രൂപ (മിസ്ററ് ചേംബർ, ഹാർഡനിങ് യൂണിറ്റ്, പോട്ടിങ് ഷെഡ്, ജലസേചന കിണർ എന്നിവ) അതിർത്തി സുരക്ഷാ ക്രമീകരണത്തിനായി 4, 5 ബ്ലോക്കുകളിൽ 4 കിലോമീറ്റർ റെയിൽ ഫെൻസിങ്ങിനായി 2.8 കോടി രൂപ, ചെയിൻ ലിങ്ക്ഡ് ഫെൻസിങ്ങിനായി 50 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപ, ഭാവിയിൽ പ്രളയം ചെറുക്കുന്നതിനുള്ള മാർഗമായി പയ്യനിയിൽ ചെക്ക് ഡാം, പാലം എന്നിവയുടെ നിർമ്മാണത്തിനായി 50 ലക്ഷം രൂപ, ഓഫീസ് വാഹനത്തിനായി 15 ലക്ഷം രൂപ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 6 കോടി രൂപക്കുള്ള പദ്ധതിയാണ് ആവിഷ്കരിച്ചിരുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതി നിർദ്ദേശത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് നിർദേശിച്ച ന്യൂനതകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; ന്യൂനതകൾ പരിഹരിച്ച് പ്രൊപ്പോസൽ പുനർ സമർപ്പിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | പ്രസ്തുത പദ്ധതി നിർദേശത്തിൽ റീബിൽഡ് കേരള ഇനീഷ്യേറ്റീവ് ടെക്നിക്കൽ കമ്മിറ്റി ചില ന്യൂനതകൾ കണ്ടെത്തുകയുണ്ടായി. ചാലിയാർ നദിയുടെ കര സംരക്ഷണം, ഭാവിയിൽ പ്രളയം ചെറുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, പാരിസ്ഥിതിക പുനർ നിർമ്മാണം, അതിർത്തി സുരക്ഷാ ക്രമീകരണം എന്നിവ ആദ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ചാലിയാർ നദിയുടെ കര സംരക്ഷണം - പുഴയോര സംരക്ഷണത്തിനും പാരിസ്ഥിതിക പുനർ നിർമ്മാണത്തിനുമായി ഭൂവസ്ത്രം, ടാപ് ബാഗ് എന്നിവ സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയും രാമച്ചം നടുന്നതിന് 5 ലക്ഷം രൂപയും പുതുക്കിയ പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭാവിയിൽ പ്രളയം ചെറുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, പാരിസ്ഥിതിക പുനർ നിർമ്മാണം- ഭാവിയിൽ പ്രളയം ചെറുക്കുന്നതിനുള്ള മാർഗമായി പയ്യനിയിൽ ചെക്ക് ഡാം, പാലം എന്നിവയുടെ നിർമ്മാണത്തിനായി 50 ലക്ഷം രൂപയും പുതുക്കിയ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിർത്തി സുരക്ഷാക്രമീകരണത്തിനായി 4, 5ബ്ലോക്കുകളിൽ 4 കിലോമീറ്റർ റെയിൽ ഫെൻസിങ്ങിനായി 2.8 കോടി രൂപയും ചെയിൻ ലിങ്ക്ഡ് ഫെൻസിംഗിനായി 50 ലക്ഷം രൂപയും പുതുക്കിയ പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റീബിൽഡ് കേരള ഇനീഷ്യേറ്റീവ് ടെക്നിക്കൽ കമ്മിറ്റി ഉന്നയിച്ച ന്യൂനതകൾ പരിഹരിച്ച് പദ്ധതി പുന:സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ